## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 449

26.06.2019 - ൽ മറുപടിക്ക്.

### കുടുംബശ്രീയുടെ പ്രവർത്തന വിപുലീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. നൗഷാദ്<br>ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. കെ.ദാസൻ<br>ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീക്ക് ആയിരം കോടിയോളം രൂപ നീക്കിവെച്ചത് പ്രസ്ഥാനത്തിന്റെ പ്രവർത്തന വിപുലീകരണത്തിനും ശാക്തീകരണത്തിനും എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) കുടുംബശ്രീയിൽ സംസ്ഥാന ബജറ്റ് വിഹിതമായി ലഭിക്കുന്ന 183 കോടി രൂപയും പ്രത്യേക ഉപജീവന പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന 75 കോടിയും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി (എൻആർഎൽഎം, എൻയുഎൽഎം, ഡിഡിയുജികെവൈ, SVEP, MKSP) ലഭിക്കുന്ന 407 കോടി രൂപയും അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽ നിന്നും നീക്കിവയ്ക്കുന്ന 335 കോടി രൂപയും കൂടി ചേർത്ത് 1,000 കോടി രൂപയാണ് കുടുംബശ്രീ വാർഷിക അടങ്കലായി വകയിരുത്തിയിരിക്കുന്നത്. ഇതിൽ കുടുംബശ്രീ മിഷൻ നേരിട്ട് ചെലവഴിക്കുന്നത് സംസ്ഥാന പദ്ധതി വിഹിതമായ 258 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി ലഭിക്കുന്ന 407 കോടി രൂപയുമാണ്. ടി തുക ചെലവഴിക്കുന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ കുടുംബശ്രീ മിഷനും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായ ഗവേണിംഗ്ബോഡിയും ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. ഈ വർഷവും പ്രസ്തുത വിലയിരുത്തൽ നടത്തുന്നതാണ്. ഇതു കൂടാതെ ഗവേണിംഗ് ബോഡി തീരുമാന പ്രകാരം വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) അർഹരായ മുഴുവൻ പേരെയും കുടുംബശ്രീ അംഗങ്ങളാക്കാൻ ശ്രമം നടത്തുന്നുണ്ടോ; | (ബി) കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിന് പുറത്തു നിൽക്കുന്ന അർഹരായ താല്പര്യമുള്ള കുടുംബങ്ങളെ കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗങ്ങളാക്കുന്നതിന് ആവശ്യമായ പ്രവർത്തന പരിപാടികൾ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ ട്രാൻസ് ജെൻഡേഴ്സ്, പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (പിഡബ്ല്യുഡി), വയോജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തന പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. ഒരു വാർഡിൽ കുറഞ്ഞത് ഒരു വയോജന അയൽക്കൂട്ടമെങ്കിലും രൂപീകരിക്കുന്നതിന് ഈ വർഷം ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | കൃഷി, മൃഗപരിപാലനം, ചെറുകിട വ്യവസായം, സേവനമേഖല തുടങ്ങി കുടുംബശ്രീയുടെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിനും കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണി ശാക്തീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ? | (സി) | <u>കാർഷിക മേഖല:</u> കാർഷിക മേഖലയിൽ 11 തുടർപദ്ധതികൾ, 10 പുതിയ പദ്ധതികൾ എന്നിവയടക്കം 21 പദ്ധതികൾ നിലവിലുണ്ട്. ഈ പദ്ധതികൾ എല്ലാം തന്നെ കർഷകരുടെ ഉന്നമനവും, അവരുടെ ശാക്തീകരണവും പ്രവർത്തന മേഖല വിപുലീകരണവും ലക്ഷ്യം വെച്ചുള്ളതാണ്. വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നസംരംഭങ്ങൾ, കച്ചവട സംരംഭങ്ങൾ, സംയോജിത കൃഷി അടിസ്ഥാനമാക്കിയുള്ള കൃഷിമുറകൾ, മൽസ്യകൃഷി എന്നിവയെല്ലാം വനിതാ കർഷകർ ചെയ്തു വരുന്നു. നിലവിൽ 65,031 കൃഷി സംഘങ്ങൾ 53,000 ഹെക്ടറിൽ കൃഷി ചെയ്തുവരുന്നു. ഇതിൽ 6904 ഏക്കറിൽ 8401 ഓളം ജെഎൽജികൾ ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു.<br><u>മൃഗസംരക്ഷണ മേഖല:</u> കുടുംബശ്രീയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനും കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണി ശാക്തീകരിക്കുന്നതിനുമായി മൃഗസംരക്ഷണ മേഖലയിൽ 'മിൽക്കി ലാറ്റെ', 'ജെനോവ', 'കുടുംബശ്രീ ഷോപ്പി സേഫ് റ്റു ഈറ്റ്' തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.<br><u>എം.ഇ.-</u> ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തരം പരിശീലനങ്ങളും അധിക ധനസഹായങ്ങളായ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ഇന്നോവേഷൻ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്, രണ്ടാംഘട്ട ധനസഹായം, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവയും നൽകി വരുന്നുണ്ട്. കൂടാതെ ചെറുകിട സംരംഭങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകി പിന്തുണാസഹായം നൽകാനായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടൻസ് പ്രവർത്തിച്ചു വരുന്നു.<br><u>മാർക്കറ്റിംഗ്:-</u>ഉത്പന്നങ്ങളുടെ വിപണി ശാക്തീകരണത്തിനായി പരമ്പരാഗത കുടുംബശ്രീ വിപണന രീതികൾക്ക് പുറമെ മാസചന്തകൾ, വിവിധ മേളകൾ, ഓണ ചന്തകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ, നാനോ മാർക്കറ്റുകൾ, കിയോസ്കുകൾ, ഓൺലൈൻ വഴിയുള്ള വിപണന മാർഗ്ഗങ്ങൾ മുതലായവയും കുടുംബശ്രീ മിഷൻ അവലംബിച്ച് പോരുന്നു. ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംരംഭങ്ങൾക്ക് ജില്ലാതലത്തിൽ നിരവധി പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ